# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3537 20.06.2019-ൽ മറുപടിയ്ക്ക്

## പ്രവാസികളുടെ പുനരധിവാസം

| | ചോദ്യം<br>ശ്രീ.എം.ഉമ്മർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| എ) | പ്രവാസികളുടെ തൊഴിൽ നഷ്ടപ്പെട്ടുള്ള തിരിച്ചുവരവ് കേരള സമൂഹത്തെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ഈ വിഷയം സംബന്ധിച്ച് വസ്തുനിഷ്ഠമായ ഒരു പഠനം നടത്തിയിട്ടില്ല. എന്നാൽ ഗൾഫ് രാജ്യങ്ങളിൽ പ്രത്യേകിച്ച് സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിക്കുന്നതിന്റെ ഫലമായി ധാരാളം പ്രവാസി മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരേണ്ടി വരും. അതോടൊപ്പം പുതിയ തൊഴിലവസരങ്ങളിൽ ഗണ്യമായ കുറവ് നേരിടാനുള്ള സാദ്ധ്യതയും നിലനിൽക്കുന്നുണ്ട്. താരതമ്യേന അവിദഗ്ധ തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടപ്പെടുന്നത് എന്ന് കണക്കാക്കുന്നു. ഇത് കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയിൽ ആഘാതം സൃഷ്ടിക്കാനിടയുണ്ട്. ഗൾഫിൽ മലയാളികൾക്ക് തൊഴിൽ നഷ്ടം സംഭവിക്കുന്നത് കേരളത്തിലെ സാമൂഹിക രംഗത്തും ചലനങ്ങൾ സൃഷ്ടിക്കുമെന്ന് കണക്കാക്കുന്നു. |
| ബി) | പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയുടെ കാര്യക്ഷമത വിലയിരുത്തുന്നതിനോടൊപ്പം പദ്ധതി നടത്തിപ്പിൽ ക്രമാനുഗതമായ പുരോഗതി കൈവരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. തിരികെയെത്തിയ പ്രവാസികൾ 2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിൻ കീഴിൽ 328 സംരംഭങ്ങൾ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിരുന്നെങ്കിൽ 2017-18-ൽ ആയത് 413 ആയും 2018-19-ൽ 791 ആയും സംരംഭങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സബ്സിഡി ഇനത്തിലും ഗുണഭോക്താക്കളുടെ വർക്ക്ഷോപ്പ്, സംരംഭകത്വപരിശീലനം എന്നിവയുമായി 2016-17 സാമ്പത്തിക വർഷം 3.97 കോടി രൂപയും, 2017-18-ൽ 6.56 കോടി രൂപയും 2018-19 സാമ്പത്തിക വർഷം 14.45 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ഒരു ധനകാര്യ സ്ഥാപനം മാത്രമാണ് ധാരണാപത്രം ഒപ്പ വച്ചിരുന്നത്. എന്നാൽ പദ്ധതി കാര്യക്ഷമമാക്കിയതിന്റെ ഭാഗമായി ഇപ്പോൾ 13 ധനകാര്യസ്ഥാപനങ്ങളുമായി ധാരണാപത്രത്തിൽ ഏർപ്പെടാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലനം, ബോധവത്ക്കരണം, സെമിനാറുകൾ, ബാങ്കിലേക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ നോർക്ക റൂട്ട്സ്, കേരള സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനം മുഖാന്തിരം നൽകി വരുന്നുണ്ട്. |
| സി) | പ്രവാസികൾക്കായുള്ള പദ്ധതികളിലെ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുമോ? | സി) | പ്രവാസികൾക്കായുള്ള പദ്ധതികളിൽ നിലവിൽ സങ്കീർണ്ണമായ നടപടിക്രമങ്ങളൊന്നും ഇല്ല. കൂടാതെ എല്ലാ പദ്ധതികൾക്കും ഓൺലൈൻ സേവനം ഉടൻ തന്നെ നിലവിൽ വരുന്നതിനാൽ പൊതുജനങ്ങൾക്ക് വളരെ ലളിതമായ നടപടിക്രമങ്ങളിലൂടെ സേവനം ലഭ്യമാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**